**ഭക്ഷ്യ സംസ്കരണ വ്യവസായം—ടോഫി, ഫാക്ടറീസ് ആക്റ്റിന്റെ പരിധിയിൽ വരുന്ന ബേക്കറി, ഐസ്ക്രീം, ലഘുപാനീയങ്ങൾ മുതലായവ എന്ന തൊഴിൽ മേഖല**

ജി. ഒ. (പി) നമ്പർ 151/2011/തൊഴിൽ. *തിരുവനന്തപുരം, 2011 സെപ്റ്റംബർ 12.*

**എസ്. ആർ. ഒ. നമ്പർ 608/2011.**—1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡം 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ചപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും പ്രസ്തുത ആക്റ്റിന്റെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം അനുശാസിക്കുന്ന പ്രകാരം 2011 ജനുവരി 10-ാം തീയതിയിലെ 28-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2011 ജനുവരി 3-ാം തീയതിയിലെ 8754/ഇ1/2010/തൊഴിൽ എന്ന നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിൻമേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പുപ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശകസമിതിയുടെ ഉപദേശവും പരിഗണിച്ചശേഷം, കേരള സർക്കാർ, കേരള സംസ്ഥാനത്തെ "ഭക്ഷ്യ സംസ്കരണ വ്യവസായം—ടോഫി, ഫാക്ടറീസ് ആക്റ്റിന്റെ പരിധിയിൽ വരുന്ന ബേക്കറി, ഐസ്ക്രീം, ലഘുപാനീയങ്ങൾ മുതലായവ എന്ന തൊഴിൽ മേഖലയിൽ (Food Processing Industry—Toffee, Bakery coming under the Factories Act, Ice cream, Soft drinks, etc.)" ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ വേതന നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്നപ്രകാരം ഇതിനാൽ നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ പ്രസ്തുത നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുകയും ചെയ്യുന്നു.

## പട്ടിക

### 1. അടിസ്ഥാന വേതന നിരക്ക്

| *ക്രമ നമ്പർ* | *വിഭാഗം/തസ്തികകൾ* | *അടിസ്ഥാന പ്രതിമാസ വേതനം* (രൂപ) |
|---|---|---|
| (1) | (2) | (3) |
| 1 | മാനേജർ | 6,600 |
| 2 | മാർക്കറ്റിംഗ് കൺട്രോളർ, ചീഫ് അനലിസ്റ്റ്, അക്കൗണ്ട്സ് ആഫീസർ | 5,510 |
| 3 | അസിസ്റ്റന്റ് മാനേജർ, സൂപ്പർവൈസർ, പ്രൊഡക്ഷൻ സൂപ്പർവൈസർ, പർച്ചേസ് സൂപ്പർവൈസർ, പാക്കിംഗ് സൂപ്പർവൈസർ, പർച്ചേസ് മാനേജർ, പർച്ചേസ് ഓഫീസർ, സെയിൽസ് മാനേജർ, സെയിൽസ് ഓഫീസർ, ക്ലീനിംഗ് സൂപ്പർവൈസർ | 4,784 |

| (1) | (2) | (3) |
|---|---|---|
| 4 | ഐസിംഗ് മാസ്റ്റർ, സ്വീറ്റ് മാസ്റ്റർ, അനലിസ്റ്റ് | 4,368 |
| 5 | പ്ലാന്റ് ഓപ്പറേറ്റർ, ഓവൻ ഓപ്പറേറ്റർ, മിക്സിംഗ് മെഷീൻ ഓപ്പറേറ്റർ, മെഷീൻ ഓപ്പറേറ്റർ, ബോയ്‌ലർ ഓപ്പറേറ്റർ, ലാബ് ടെക്നീഷ്യൻ | 4,238 |
| 6 | സെയിൽസ് എക്സിക്യൂട്ടീവ്, സെയിൽസ് റെപ്രസെന്റേറ്റീവ്, മെക്കാനിക്ക്, ഇലക്ട്രീഷ്യൻ, ഇലക്ട്രീഷ്യൻ-കം-മെക്കാനിക്ക്, പ്ലംബർ | 4,108 |
| 7 | അക്കൗണ്ടന്റ്, ക്ലാർക്ക്, സ്റ്റോർ കീപ്പർ, ടൈപ്പിസ്റ്റ്, സ്റ്റെനോഗ്രാഫർ, കാഷ്യർ, കമ്പ്യൂട്ടർ ഓപ്പറേറ്റർ, റിസപ്ഷനിസ്റ്റ്, ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ്, സെയിൽസ്മാൻ, വാൻ സെയിൽസ്മാൻ, ഡ്രൈവർ, സ്വീറ്റ് മേക്കർ, ഐസിംഗ് അസിസ്റ്റന്റ് | 4,000 |
| 8 | പ്രൊഡക്ഷൻ വർക്കേഴ്സ്, പ്ലാന്റ് വർക്കേഴ്സ്, സെയിൽസ് അസിസ്റ്റന്റ്, ബോട്ട്‌ലിംഗ് വർക്കർ, സോഡാമേക്കർ | 3,926 |
| 9 | അറ്റന്റർ, പ്യൂൺ, വാച്ച്മാൻ, സെക്യൂരിറ്റി ഗാർഡ്, പാക്കേഴ്സ്, ലേബലിംഗ് വർക്കേഴ്സ്, കയറ്റിറക്ക് ജോലിക്കാർ | 3,874 |
| 10 | ക്ലീനർ, സ്വീപ്പർ | 3,727 |

## 2. ക്ഷാമബത്ത

(1) മേൽകാണിച്ച അടിസ്ഥാന വേതനത്തിനുപുറമെ, എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഓരോ ജില്ലാ കേന്ദ്രത്തിനും വേണ്ടി പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വിലസൂചികയുടെ (1998-99=100) 130 പോയിന്റിനുമുകളിൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും മാസശമ്പളക്കാർക്ക് 24 രൂപ 90 പൈസ (ഇരുപത്തിനാല് രൂപ തൊണ്ണൂറ് പൈസ) നിരക്കിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

(2) ഇടുക്കി, വയനാട് എന്നീ ജില്ലാ കേന്ദ്രങ്ങൾക്കുവേണ്ടി ഉപഭോക്തൃവില സൂചിക പ്രസിദ്ധീകരിക്കാത്തതിനാൽ ഇടുക്കി ജില്ലയിൽ മൂന്നാർ കേന്ദ്രത്തിനു വേണ്ടിയും വയനാട് ജില്ലയിൽ മേപ്പാടി കേന്ദ്രത്തിനുവേണ്ടിയും പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വിലസൂചികയുടെ അടിസ്ഥാനത്തിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

## 3. സർവ്വീസ് വെയിറ്റേജ്

ഈ വിജ്ഞാപനം പ്രാബല്യത്തിൽ വരുന്ന തീയതിയിൽ ഏതെങ്കിലും ഒരു സ്ഥാപനത്തിലോ ഒരു തൊഴിലുടമയുടെ കീഴിലോ 5 വർഷത്തിൽ കുറയാത്ത സേവനകാലം പൂർത്തിയാക്കിയ ജീവനക്കാർക്ക് അവർ പൂർത്തിയാക്കിയ ഓരോ അഞ്ചുവർഷത്തിനു മുകളിലുള്ളതും പത്ത് വർഷം വരെയുള്ളതുമായ സേവന

കാലയളവിന് അടിസ്ഥാനവേതനത്തിന്റെ അഞ്ചു ശതമാനവും, പത്ത് വർഷത്തിനു മുകളിലുള്ളതും എന്നാൽ പതിനഞ്ചു വർഷം വരെയുള്ളതുമായ സേവന കാലയളവിന് പത്ത് ശതമാനവും, പതിനഞ്ച് വർഷത്തിനുമുകളിലുമുള്ള സേവന കാലയളവിന് പരമാവധി പതിനഞ്ച് ശതമാനവും സർവ്വീസ് വെയിറ്റേജ് അടിസ്ഥാന വേതനത്തിൽ ഉൾപ്പെടുത്തി നൽകേണ്ടതാണ്.

**4. ഉയർന്ന വേതന സംരക്ഷണം**

ഏതെങ്കിലും വിഭാഗത്തിന് പട്ടികയിൽ കാണിച്ച വേതന നിരക്കിനേക്കാൾ ഉയർന്ന വേതന നിരക്ക് നിലവിൽ നൽകിവരുന്നുണ്ടെങ്കിൽ, ആ വിഭാഗത്തിന് അത്തരം ഉയർന്ന വേതന നിരക്ക് തുടർന്നും നൽകേണ്ടതാണ്.

**5.** ഏതെങ്കിലും തസ്തിക പ്രത്യേകമായി പട്ടികയിൽ പ്രതിപാദിച്ചിട്ടില്ലെങ്കിൽ, അത്തരം ജീവനക്കാർക്ക് പട്ടികയിലെ സമാനപദവിയിലുള്ള ജീവനക്കാർക്ക് നിശ്ചയിച്ച നിരക്കിലുള്ള വേതനം നൽകേണ്ടതാണ്.

**6.** ഈ പട്ടികയിൽ മാസവേതനം നിശ്ചയിച്ചിട്ടുള്ള വിഭാഗക്കാരുടെ ദിവസവേതനം ക്ഷാമബത്ത അടക്കമുള്ള മൊത്തം മാസവേതനത്തിന്റെ 26-ൽ ഒരു ഭാഗമായി കണക്കാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

അനിൽ, എക്സ്.,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാന "ഭക്ഷ്യ സംസ്കരണ വ്യവസായം—ടോഫി, ഫാക്ടറീസ് ആക്റ്റിന്റെ പരിധിയിൽ വരുന്ന ബേക്കറി, ഐസ്ക്രീം, ലഘുപാനീയങ്ങൾ മുതലായവ എന്ന തൊഴിൽ മേഖലയിൽ (Food Processing Industry—Toffee, Bakery coming under the Factories Act, Ice Cream, Soft drinks, etc.)" ജോലി ചെയ്യുന്ന തൊഴിലാളികളുടെ കുറഞ്ഞ വേതനം നിശ്ചയിക്കുന്നതിന് 1948-ലെ മിനിമം വേജസ് ആക്ടിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം 2011 ജനുവരി 3-ാം തീയതിയിലെ 8754/ഇ1/2010/തൊഴിൽ നമ്പർ പ്രാഥമിക വിജ്ഞാപനത്തിൻമേൽ ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും, മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചതിനുശേഷം പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞ വേതന നിരക്കുകൾ നിശ്ചയിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.